## മധുരമായ കുട്ടികളെ – ബാബ നിങ്ങൾക്ക് പരിധിയുള്ളതിന്റെയും പരിധിയില്ലാത്തതിന്റെയും ജ്ഞാനം നൽകി, പിന്നീട് അതിനും ഉപരി വീട്ടിലേക്ക് കൊണ്ട് പോകുന്നു, സത്യ ത്രേതായുഗമാണ് പരിധിയുള്ളത്, ദ്വാപര കലിയുഗമാണ് പരിധിയില്ലാത്തത്

**ചോദ്യം:–** ബാബയിലൂടെ ലഭിച്ച ജ്ഞാനത്തിൽ ഉറച്ച് ജീവിക്കാൻ ആർക്കാണ് സാധിക്കുന്നത്?
**ഉത്തരം:–** ആരാണോ പൂർണ്ണമായും പവിത്രമാകുന്നത്. പവിത്രമല്ലെങ്കിൽ ധാരണ ഉണ്ടാകില്ല. പവിത്ര സ്വർണ്ണിമയുഗീ ബുദ്ധിയിൽ മാത്രമാണ് മുഴുവൻ ജ്ഞാനവും ധാരണയാകുന്നത്, അവർ തന്നെയാണ് ബാബയ്ക്ക് സമാനം *മാസ്റ്റർ നോളജ്ഫുളാകുന്നത്.*

**ചോദ്യം:–** പുരുഷാർത്ഥം ചെയ്ത് ചെയ്ത് നിങ്ങൾ കുട്ടികളുടെ അവസ്ഥ എങ്ങനെയുള്ളതാകും?
**ഉത്തരം:–** ഇപ്പോൾ വരേയ്ക്കും എന്ത് തലകീഴായ സങ്കൽപ–വികൽപങ്ങളാണോ നടക്കുന്നത് അതെല്ലാം അവസാനിക്കും. ബുദ്ധിയോഗം ഒരു ബാബയോട് ചേരും. ബുദ്ധി സ്വർണ്ണ പാത്രമായി മാറും. ബാബ എന്തെല്ലാം ജ്ഞാന രത്നങ്ങളാണോ നൽകുന്നത് അതെല്ലാം ധാരണയാകും.

**ഓം ശാന്തി**. മധുര–മധുരമായ ആത്മീയ കുട്ടികൾക്ക് ആത്മീയ അച്ഛനിരുന്ന് ഓരോ ദിവസവും മനസ്സിലാക്കി തരുന്നു. മനസ്സിലാക്കി തന്നിട്ടുണ്ട് ഈ സൃഷ്ടി ചക്രം ജ്ഞാനം, ഭക്തി, വൈരാഗ്യം കൊണ്ട് ഉണ്ടാക്കിയിട്ടുള്ളതാണ്. പരിധിയുള്ളതിനും പരിധിയില്ലാത്തതിനും ഉപരി പോകണം. പറയാറില്ലേ – പരിധിയുള്ളതിനും പരിധിയില്ലാത്തതിനും അപ്പുറം. അതുകൊണ്ട് ബുദ്ധിയിൽ ഈ ജ്ഞാനം വെയ്ക്കണം അതായത് പരിധിക്കും പരിധിയില്ലാത്തതിനും ഉപരി പോകണം. ബാബയെക്കുറിച്ചും പറയാറുണ്ട് – പരിധിയുള്ളതിനും പരിധിയില്ലാത്തതിനും അപ്പുറം. ഇതിന്റെയും അർത്ഥം മനസ്സിലാക്കണം. ആത്മീയ അച്ഛൻ ആത്മീയ കുട്ടികൾക്ക് *വിഷയത്തിന്മേൽ* മനസ്സിലാക്കി തരുന്നു – ജ്ഞാനത്തിനും ഭക്തിക്കും ശേഷമാണ് വൈരാഗ്യം. ഈ കാര്യം അറിയാം അതായത് ജ്ഞാനമെന്ന് പകലിനെയാണ് പറയുന്നത്, അപ്പോൾ പുതിയ ലോകമാണ്. അവിടെ ഭക്തി ഉണ്ടായിരിക്കില്ല. അതാണ് പരിധിയുള്ള ലോകം, അവിടെ വളരെ കുറച്ച് മനുഷ്യരേ ഉണ്ടായിരിക്കൂ, പിന്നീട് പതുക്കെ–പതുക്കെ വർദ്ധിക്കുന്നു. അരകൽപത്തിന് ശേഷം ഭക്തി ആരംഭിക്കുന്നു. എപ്പോൾ ജ്ഞാനം അർത്ഥം പകലാണോ അപ്പോൾ സന്യാസ ധർമ്മം ഉണ്ടായിരിക്കില്ല, വൈരാഗ്യമില്ല. സന്യാസം അഥവാ ത്യാഗം അവിടെയില്ല, ഈ എല്ലാ കാര്യങ്ങളും ബുദ്ധിയിൽ ഉണ്ടായിരിക്കണം. പതുക്കെ–പതുക്കെയാണ് സൃഷ്ടിയുടെ വൃദ്ധി ഉണ്ടാകുന്നത്. ജീവാത്മാക്കളുടെ വൃദ്ധി ഉണ്ടാകുന്നു. ആത്മാക്കൾ പരംധാമത്തിൽ നിന്ന് വന്നുകൊണ്ടിരിക്കുന്നു. പരിധിയിൽ നിന്ന് ആരംഭിക്കുന്നു, ഈ സമയം പരിധിയില്ലാത്തതിലാണ്. ബാബ പരിധിയുള്ളതിൽ നിന്നും പരിധിയില്ലാത്തതിൽ നിന്നും ഉപരിയാണ്. പരിധിയുള്ളതിൽ എത്ര കുറച്ച് കുട്ടികളാണുള്ളത് പിന്നീട് സൃഷ്ടി വൃദ്ധി പ്രാപിക്കുന്നു. ഇപ്പോൾ ഇതിൽ നിന്നും ഉപരി പോകണം. ഇതിനെയാണ് പറയുന്നത് പരിധിയില്ലാത്തത്, മുൻപ് പരിധിയുള്ള ആത്മാക്കളായിരുന്നു ഉണ്ടായിരുന്നത്. സത്യ ത്രേതായുഗത്തിൽ പാർട്ടഭിനയിച്ചിരുന്നു. 9 ലക്ഷം മനുഷ്യർ എവിടെക്കിടക്കുന്നു, 500–600 കോടി എവിടെക്കിടക്കുന്നു, പരിധിയില്ലാത്തതിലേക്ക് പോകുന്നു. മനുഷ്യർ ആകാശം എവിടെ വരെയുണ്ട്, സമുദ്രം എവിടെ വരെയുണ്ട് എന്ന് അന്വേഷിക്കുന്നുണ്ട്, ഇതിന്റെ അന്ത്യം കണ്ടെത്താൻ സാധിക്കില്ല. മുകളിലേക്ക് പോകുന്നതിനുള്ള എത്ര പരിശ്രമമാണ് ചെയ്യുന്നത്. മടങ്ങി വരാനും സാധിക്കണം അത്രയും ഇന്ധനം നിറക്കേണ്ടി വരും. പരിധിയില്ലാത്തതിലേക്ക് പോകാൻ സാധിക്കില്ല, പരിധിയുള്ളത് വരെ മാത്രമേ പോകൂ. പരിധിയുള്ളതിന്റെയും പരിധിയില്ലാത്തതിന്റെയും ഉപരിയുള്ള രഹസ്യം ബാബ നിങ്ങൾക്ക് മനസ്സിലാക്കി തരുന്നു. ഏറ്റവും ആദ്യം പുതിയ ലോകത്തിൽ പരിധിയുള്ളതാണ്. വളരെ കുറച്ച് പേർ മാത്രമേ ഉണ്ടായിരിക്കൂ. നിങ്ങൾക്ക് രചനയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനം ഉണ്ടായിരിക്കണം. ഈ ജ്ഞാനം ആർക്കും തന്നെയില്ല. ബാബയെ അറിയുന്നില്ല. ഈ എല്ലാ രഹസ്യങ്ങളും മനസ്സിലാക്കി തരുന്നത് ബാബ മാത്രമാണ് ആ ബാബ പരിധിയുള്ളതിനും പരിധിയില്ലാത്തതിനും ഉപരിയാണ്. അപ്പോൾ ബാബയിരുന്ന് നിങ്ങൾക്ക് രചനയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ രഹസ്യം മനസ്സിലാക്കി തരികയാണ്. ശേഷം ബാബ പറയുന്നു കുട്ടികളേ ഇതിനും ഉപരി പോകൂ. അവിടെ ഒന്നും തന്നെയില്ല. ആകാശം തന്നെ ആകാശമാണ്, ജലം തന്നെ ജലമാണ്. ഭൂമി മുതലായ ഒന്നും തന്നെയില്ല, ഇതിനെയാണ് പറയുന്നത് പരിധിയുള്ളതിനും പരിധിയില്ലാത്തതിനും ഉപരി. ഇതിന്റെ അറ്റം കണ്ടെത്താൻ സാധിക്കില്ല. അനന്തം, അനന്തമെന്ന് പറയാറുണ്ട് എന്നാൽ അർത്ഥമറിയില്ല. ബാബ മാത്രമാണ് മുഴുവൻ അറിവും നൽകുന്നത് എന്തുകൊണ്ടെന്നാൽ ബാബയാണ് ശ്രേഷ്ഠം അർത്ഥം വളരെ ബുദ്ധിവാൻ. മനസ്സി

ലാക്കി മനസ്സിലാക്കി തന്നെയാണ് വളരെ വിവേകശാലിയായി മാലയുടെ മുത്തായിരിക്കുന്നത്. മനുഷ്യരാരും തന്നെ രചയിതാവിന്റെയും രചനയുടെയും ആദി മദ്ധ്യ അന്ത്യത്തിന്റെ രഹസ്യം മനസ്സിലാക്കുന്നില്ല. ബാബ മാത്രമാണ് മനസ്സിലാക്കി തരുന്നത്. പറയുകയാണ് ഞാൻ പരിധിയുള്ളതിനെയും കണ്ടുകൊണ്ടിരിക്കുന്നു, പരിധിയില്ലാത്തതിലേക്കും പോകുന്നു. ഈ എല്ലാധർമ്മങ്ങളുമുണ്ട്, എങ്ങനെ-എങ്ങനെയാണ് സ്ഥാപന നടക്കുന്നത്. ആ സത്യയുഗമാണ് പരിധിയുള്ള സൃഷ്ടി പിന്നീട് ഈ കലിയുഗത്തിൽ പരിധിയില്ലാത്തതാണ്. പിന്നീടുള്ളത് പരിധിയുള്ളതിനും പരിധിയില്ലാത്തതിനും ഉപരി നമ്മുടെ ശാന്തിധാമം, മധുരമായ വീട്. സത്യയുഗവും *സ്വീറ്റ് ഹോമാണ്*. അവിടെ ശാന്തിയുമുണ്ട്, രാജ്യ ഭാഗ്യവുമുണ്ട്. അവിടെ സുഖവും ശാന്തിയും രണ്ടും തന്നെയുണ്ട്. വീട്ടിലേക്ക് പോകുകയാണെങ്കിൽ അവിടെ ശാന്തി മാത്രമായിരിക്കും, സുഖത്തിന്റെ പേരില്ല. ഇപ്പോൾ നിങ്ങൾ ശാന്തിയും സുഖവും രണ്ടും സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. അവിടെ അശാന്തിയുടെ പേരില്ല. അശാന്തി 5 വികാരങ്ങളിൽ നിന്നാണ് ഉണ്ടാകുന്നത്, ഇത് ലോകത്തിൽ ആർക്കും അറിയില്ല. അരകൽപ്പത്തിന് ശേഷം പിന്നീട് രാവണ രാജ്യമുണ്ടാകുന്നു. മനുഷ്യർ കൽപത്തിന്റെ ആയുസ്സ് ലക്ഷക്കണക്കിന് വർഷമെന്ന് പറയുന്നു. ഒന്നും തന്നെ മനസ്സിലാക്കുന്നില്ല, അതുകൊണ്ട് ഭ്രഷ്ഠാചാരികളും, ദുഃഖിതരും പതിതരുമാണ്. അൽപം പോലും സഭ്യതയില്ല. ഏതൊരു ദൈവീക സഭ്യതയാണോ ഉണ്ടായിരുന്നത്, അതിന് പകരം അസഭ്യതയും, ആസുരീയ ഗുണമായിരിക്കുന്നു.

ഇതാണ് പരിധിയില്ലാത്ത നാടകം. ഇപ്പോൾ പറയാറുണ്ട് പരിധിയുള്ളതിനും പരിധിയില്ലാത്തതിനും ഉപരി വളരെ ദൂരെ-ദൂരേക്ക് പോകുകയാണ്. മനുഷ്യർക്ക് കളിയെക്കുറിച്ച് ഒന്നും തന്നെ അറിയില്ല, ഏറ്റവും ഉയർന്നത് ആരാണ്? ഉയർന്നതിലും ഉയർന്നത് ഭഗവാനാണ്, അതുകൊണ്ടാണ് അങ്ങയുടെ ഗതിയും വഴിയും അങ്ങേക്ക് മാത്രമേ അറിയൂ എന്ന് പറയുന്നത്. ഇപ്പോൾ നിങ്ങൾ കുട്ടികൾ എല്ലാം മനസ്സിലാക്കുന്നുണ്ട്. എന്നാൽ നിങ്ങളിലും സംഖ്യാക്രമത്തിലാണ്. ബാബയിരുന്ന് മനസ്സിലാക്കി തരുന്നു അതായത് എന്റെ ബുദ്ധി എവിടെ വരെ പോകുന്നുണ്ട്. പരിധിയുള്ളതിനും പരിധിയില്ലാത്തതിനും ഉപരി.... അവിടെ ഒന്നും തന്നെയില്ല. നിങ്ങൾ കുട്ടികളുടെ വാസസ്ഥാനമാണ് ആ ബ്രഹ്മാണ്ഡം, ബ്രഹ്മ മഹത് തത്ത്വം. ഏതുപോലെയാണോ ആകാശ തത്ത്വത്തിൽ ഇവിടെ ഇരിക്കുന്നത്, ഒന്നും തന്നെ കാണാൻ കഴിയില്ല. ആകാശം തന്നെ ആകാശം. *റേഡിയോയിൽ* ആകാശവാണിയെന്ന് പറയാറുണ്ട്. ഇപ്പോൾ ആകാശ മെന്നത് വളരെ വലുതാണ്, അതിന്റെ അറ്റം കണ്ടെത്താൻ സാധിക്കില്ല. അതിന്റെ ശബ്ദം മനുഷ്യരെന്ത് മനസ്സിലാക്കാനാണ്. ഈ ഏതൊരു ആകാശ തത്വമാണോ ഉള്ളത്, ഈ വായിൽ നിന്ന്, ആകാശത്തിൽ നിന്ന് ശബ്ദം വരുന്നു, ഇതിനെയാണ് ആകാശവാണിയെന്ന് പറയുന്നത്. ശബ്ദം വായിൽ നിന്നാണ് (ആകാശത്തിൽ നിന്ന്) വരുന്നത്. ശബ്ദം മൂക്കിൽ നിന്നോ കാതിൽ നിന്നോ വരില്ല. ബാബയും ഈ ശരീരത്തിലിരുന്ന് ഈ വായിലൂടെ നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കി തരുന്നു. ബാബ എന്താണെന്ന് നിങ്ങൾ കുട്ടികൾക്ക് മാത്രമേ അറിയൂ. ഏതുപോലെ നമ്മൾ ആത്മാക്കളാണോ അതുപോലെ ബാബയും ഉയർന്നതിലും ഉയർന്ന ആത്മാവാണ്. എല്ലാവർക്കും സംഖ്യാക്രമത്തിലുള്ള വേഷം ലഭിച്ചിരിക്കുന്നു. ഏറ്റവും ഉയർന്നത് ബാബ പിന്നീട് താഴേക്ക് വന്നാൽ, സംഖ്യാക്രമത്തിലുള്ള കളിയിലേക്ക് എല്ലാവരും വരുന്നു. പുതിയ ലോകത്തിൽ ഏറ്റവും ആദ്യം ലക്ഷ്മീ-നാരായണൻ, പിന്നീട് അവരോടൊപ്പം ആരാണോ പുതിയ ലോകത്തിൽ ജീവിക്കുന്നത്, മാല നോക്കൂ. മുകളിൽ പുഷ്പം ഉയർന്നതിലും ഉയർന്ന ഭഗവാൻ, മേരു യുഗൾ. പിന്നീട് നോക്കൂ മാല എങ്ങനെയാണ് വലുതാകുന്നത്.

ഇതെല്ലാം പഠിത്തമല്ലേ. മുഴുവൻ പഠിത്തവും ബുദ്ധിയിലുണ്ടായിരിക്കും. വിത്തും വൃക്ഷവും. വിത്ത് മുകളിലാണ്. രചയിതാവായ ബാബയിരുന്ന് നിങ്ങൾക്ക് രചനയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ രഹസ്യം മനസ്സിലാക്കി തന്നു. ഇത് സൃഷ്ടിയാകുന്ന കൽപ വൃക്ഷമാണ്, ഇതിന്റെ ആയുസ്സും കൃത്യമാണ്, ഇതിൽ ഒരു *സെക്കന്റിന്റെ* പോലും വ്യത്യാസം ഉണ്ടാകുകയില്ല. നിങ്ങൾക്ക് എത്ര ജ്ഞാനം ലഭിച്ചിരിക്കുന്നു, ഇതിൽ ഉറച്ച് ജീവിക്കാൻ അവർക്കാണ് സാധിക്കുന്നത് ആരാണോ പവിത്രമാകുന്നത്. അല്ലെങ്കിൽ ജ്ഞാനം ധാരണയാകില്ല. പവിത്രമായ പാത്രം, സ്വർണ്ണിമയുഗീ ബുദ്ധിയാണെങ്കിൽ ഏതുപോലെയാണോ ബാബയുടെ പക്കൽ ജ്ഞാനമുള്ളത് അതുപോലെ അത്രയും സഹജമായി ധാരണയാകും. *നമ്പർവൈസ് മാസ്റ്റർ നോളജ്ഫുളായി* മാറും. ഈ രഹസ്യം ബാബയ്ക്കല്ലാതെ മറ്റാർക്കും മനസ്സിലാക്കി തരാൻ സാധിക്കില്ല. ദേവതകളുടെ വായിൽ നിന്നും കേൾക്കില്ല, പതിത മനുഷ്യരുടെ വായിൽ നിന്നും കേൾക്കില്ല. ബാബ മാത്രമാണ് കേൾപ്പിക്കുന്നത്, അതും ഇപ്പോൾ സംഗമത്തിൽ മാത്രമാണ് നിങ്ങൾ കേൾക്കുന്നത്. ബാബ ഒരേഒരു പ്രാവശ്യമാണ് അച്ഛനും, *ടീച്ചറും*, സത്ഗുരുവുമാകുന്നത്. ഇപ്പോൾ അഭിനയിക്കുന്ന *പാർട്ട്* പിന്നീട് അയ്യായിരം വർഷങ്ങൾക്ക് ശേഷം വീണ്ടും ഇതേ *പാർട്ട്* അഭിനയിക്കും. പ്രളയം ഉണ്ടാകുന്നില്ല. അപ്പോൾ ഏറ്റവും ആദ്യം ബാബ, ഉയർന്നതിലും ഉയർന്ന ശിവൻ പിന്നീട് മേരുവായ ഉയർന്നതിലും ഉയർന്ന മഹാരാജാവും മഹാറാണിയും. അവർ പിന്നീട് അന്തിമത്തിൽ ആദി ദേവനും, ആദി ദേവിയുമാകും. മുഴുവ

ൻ ജ്ഞാനവും നിങ്ങളുടെ ബുദ്ധിയിലുണ്ട്, എന്നാൽ *നമ്പർവൈസ്* പുരുഷാർത്ഥം അനുസരിച്ചാണ്. ഈ ജ്ഞാനം നിങ്ങൾ ആരെ കേൾപ്പിക്കുകയാണെങ്കിലും അദ്ഭുതപ്പെടും. ജ്ഞാന സാഗരനായ ബാബയ്ക്കല്ലാതെ ഈ ജ്ഞാനം നൽകാൻ മറ്റാർക്കും സാധിക്കില്ല. ഇത് കുട്ടികൾക്ക് ധാരണ ചെയ്യുക വളരെ സഹജമാണ്, യാതൊരു പ്രയാസവുമില്ല എന്നാൽ ഓർമ്മയുടെ യാത്രയാണ് മുഖ്യം. സ്വർണ്ണ പാത്രത്തിലേ ഈ രത്നത്തിന് ഇരിക്കാൻ സാധിക്കൂ. ഏറ്റവും ഉയർന്ന രത്നങ്ങളാണ്. ഈ ബ്രഹ്മാവ് രത്നങ്ങളുടെ വ്യാപാരിയുമായിരുന്നില്ലേ. നല്ല രത്നം വരുമ്പോൾ വെള്ളിയുടെ *ഡപ്പിയിൽ* പട്ട് വിരിച്ച് തയ്യാറാക്കിയാണ് വച്ചിരുന്നത്. പിന്നീട് വളരെ *ഫസ്റ്റ് ക്ലാസ്സ്* സാധനമാണെന്ന് അങ്ങനെ തന്നെ തുറന്നും കാണിച്ച് കൊടുത്തിരുന്നു. നല്ല വസ്തു, നല്ല പാത്രത്തിൽ തന്നെയാണ് ശോഭിക്കുന്നത്.

നിങ്ങളുടെ ഈ കാതുകളാണ് പാത്രം, ഇതിലൂടെയാണ് നിങ്ങൾ കേൾക്കുന്നത്. ധാരണ ചെയ്യുമ്പോൾ ഇത് സ്വർണ്ണത്തിന്റേതായിരിക്കണം (പവിത്രം) അർത്ഥം ബുദ്ധിയോഗം പൂർണ്ണമായും ബാബയോടൊപ്പമായിരിക്കണം, ബുദ്ധിയോഗം ശരിയല്ലെങ്കിൽ ഒരു കാര്യവും തന്നെ നിൽക്കില്ല, തല തിരിഞ്ഞ സങ്കൽപങ്ങളും ഉയർത്തരുത്. കൊടുങ്കാറ്റ് രഹിതമായിരിക്കണം. പുരുഷാർത്ഥം ചെയ്ത്-ചെയ്ത് ഈ *സ്റ്റേജ്* വരും. ബുദ്ധിയെ എല്ലാവശത്ത് നിന്നും വേർപെടുത്തി എന്നോടൊപ്പം വെച്ച്-വെച്ച് പാത്രം സ്വർണ്ണമായി തീരും, മറ്റുള്ളവർക്ക് ദാനവും നൽകിക്കൊണ്ടിരിക്കൂ. ഭാരതം മഹാദാനിയാണ്, ഭാരതത്തിൽ ധനം മുതലായവ വളരെ ദാനം ചെയ്യുന്നുണ്ട്. ഇതാണെങ്കിൽ അവിനാശീ ജ്ഞാന രത്നങ്ങളുടെ ദാനമാണ്, അതാണ് ബാബ കുട്ടികൾക്ക് നൽകുന്നത്. ദേഹ സഹിതം, ദേഹത്തിന്റെ ഏതെല്ലാം സംബന്ധികളുണ്ടോ അവരെല്ലാവരെയുംവിട്ട് ബുദ്ധി ഒരാളോടൊപ്പം വെയ്ക്കണം. ഞാൻ ഒരു ബാബയുടേതാണ്, അത്രമാത്രം. ബാബ ലക്ഷ്യം പറഞ്ഞ് തരുന്നു. പുരുഷാർത്ഥം ചെയ്യേണ്ടത് കുട്ടികളുടെ ജോലിയാണ് അപ്പോൾ മാത്രമേ ഉയർന്ന പദവി നേടൂ. യാതൊരു തലകീഴായ സങ്കൽപവും ഉയരരുത്. ബാബ ജ്ഞാനത്തിന്റെ സാഗരനാണ്. പരിധിയുള്ളതിനും പരിധിയില്ലാത്തിനും ഉപരി എല്ലാ രഹസ്യങ്ങളും മനസ്സിലാക്കി തന്നുകൊണ്ടിരിക്കുന്നു. ഞാൻ പരിധിയുള്ളതിൽ നിന്നും പരിധിയില്ലാത്തതിൽ നിന്നും ഉപരിയിലേക്ക് പോകുന്നു, നിങ്ങളും പരിധിയുള്ളതിൽ നിന്നും പരിധിയില്ലാത്തതിൽ നിന്നും ഉപരിയാണ്, സങ്കൽപം മുതലായ ഒന്നും തന്നെയില്ല. പിന്നെ നിങ്ങളും ഉപരി പോകും. ഗൃഹസ്ഥ വ്യവഹാരത്തിൽ കഴിഞ്ഞുകൊണ്ടും കമല പുഷ്പ സമാനമാകണം. കൈകൾ ജോലി ചെയ്യട്ടെ മനസ്സ് ശിവബാബയ്ക്ക് നൽകൂ... പോകെ-പോകെ ചില കുട്ടികൾക്ക് ഹാനി സംഭവിക്കാറുമുണ്ട്. പരാജിതരാകുന്നു. നിങ്ങൾക്ക് എല്ലാം അറിയാൻ സാധിക്കും. നല്ല-നല്ല മഹാരഥികളെ പോലും മായ വിഴുങ്ങി കൊണ്ട് പോയി. ഇന്നില്ല. ബാബയെ ഉപേക്ഷിച്ച് പോയി മായയുടെ ശരണം പ്രാപിക്കുന്നു. പഠിക്കുന്നവർ ഉയരത്തിലേക്ക് പോകുന്നു പഠിപ്പിക്കുന്ന ടീച്ചർ മായാവിയായി മാറുന്നു. രാജ്യദ്രോഹികൾക്ക് സമാനം, മറുപക്ഷത്ത് പോയി ശരണം തേടുന്നു. ശക്തിശാലിയെന്ന് കാണുമ്പോൾ അവിടേക്ക് പോകുന്നു. നിങ്ങൾക്കറിയാം വളരെ ശക്തിയുള്ളത് ബാബയ്ക്കാണ്, ബാബയാണ് സർവ്വശക്തിവാൻ. നമ്മളെ ഉയർന്ന പഠിത്തം പഠിപ്പിച്ച് തീർത്തും വിശ്വത്തിന്റെ അധികാരിയാക്കുന്നു. പരിശ്രമിച്ച് നേടേണ്ടതായി വരുന്ന ഒരു വസ്തുവുമുണ്ടായിരിക്കില്ല, ഒരു അപ്രാപ്യ വസ്തുവും ഉണ്ടായിരിക്കില്ല. നിങ്ങളുടെ പക്കലുണ്ടായിരിക്കാത്ത ഒരു വസ്തുവും ഉണ്ടായിരിക്കില്ല. അതും *നമ്പർവൈസ്* പുരുഷാർത്ഥമനുസരിച്ചാണ്. പരിധിയില്ലാത്ത ബാബയ്ക്കല്ലാതെ മറ്റാർക്കും ഈ കാര്യങ്ങൾ അറിയില്ല. നിങ്ങൾ തന്നെയായിരുന്നു പൂജ്യർ പിന്നീട് നിങ്ങൾ തന്നെ പൂജാരിയായിരിക്കുന്നു. ഇപ്പോൾ വീണ്ടും പൂജ്യരാകുന്നതിന് വേണ്ടി പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുന്നു. എത്രത്തോളം ബാബയുടെ ഓർമ്മയിലിരിക്കുന്നോ മായയുടെ കൊടുങ്കാറ്റ് ഇല്ലാതായ്ക്കൊണ്ടിരിക്കും. ഹാത് മതായിയുടെ കളി കാണിക്കുന്നില്ലേ. നാണയമിടുമ്പോൾ മായ ഓടിപ്പോയിരുന്നു. നാണയമെടുക്കുമ്പോൾ മായ തിരിച്ച് വരുന്നു. ബാബ മനസ്സിലാക്കി തരുന്നു കുട്ടികളേ സ്വയത്തെ ആത്മാ സഹോദര-സഹോദരനെന്ന് മനസ്സിലാക്കൂ. ശരീരം തന്നെയില്ലെങ്കിൽ പിന്നീട് ദൃഷ്ടി എവിടേക്ക് പോകും. ഇത്രയും പരിശ്രമിക്കണം. കൽപ-കൽപം നിങ്ങളുടെ തന്നെ പുരുഷാർത്ഥമാണ് നടക്കുന്നത്. പുരുഷാർത്ഥത്തിലൂടെ നിങ്ങൾ നിങ്ങളുടെ ഭാഗ്യമുണ്ടാക്കുന്നു.

ബാബ കുട്ടികളോട് മുഖ്യമായ കാര്യം പറയുന്നു സ്വയത്തെ ആത്മാവെന്ന് മനസ്സിലാക്കി പിതാവായ എന്നെ ഓർമ്മിക്കൂ. ഈ കാര്യം നിങ്ങൾക്ക് മാത്രമേ അറിയാൻ സാധിക്കൂ. അവർ *ഗോഡ് ഫാദറെന്നും*, നമ്മൾ സഹോദരങ്ങളാണെന്നും പറയുന്നുണ്ട്. എന്നാൽ മനസ്സിലാക്കുന്നില്ല. പാടുന്നുമുണ്ട് സർവ്വരുടെയും സദ്ഗതി ദാതാവായ രാമാ, എല്ലാവർക്കും സുഖം നൽകുന്നത് ഒരേഒരു ബാബയാണ്, രാമനെ പിതാവെന്ന് പറയില്ല. പിതാവെന്ന് ഒന്ന് ശരീരധാരിയെയും അടുത്തത് അശരീരിയെയുമാണ് പറയുന്നത്. ഏറ്റവുമാദ്യമുള്ളത് അശരീരിയാണ് പിന്നീടാണ് ശരീരിയാകുന്നത്. ആദ്യം നമ്മൾ ബാബയോടൊപ്പമാണ് കഴിഞ്ഞത് പിന്നീട് വേഷമഭിനയിക്കുന്നതിനായി ലൗകിക ശരീരധാരിയായ പിതാവിന്റെ അടുത്തേക്ക് വരുന്നു. ഇതെല്ലാം ആത്മീയ കാര്യങ്ങളാണ്. ആ ലൗകിക ഭൗതീക പഠിത്തത്തെ മറക്കണം. മുഴുവൻ ചക്രവും ബുദ്ധി

യിലുണ്ട്. ഇപ്പോൾ സംഗമയുഗമാണ്, നമുക്കിപ്പോൾ പുതിയ ലോകത്തിലേക്ക് പോകണം. പഴയ ലോകം ഇല്ലാതാകണം. ഇപ്പോൾ പുതിയ ലോകത്തിലേക്ക് പോകുന്നതിന് വേണ്ടി തീർച്ചയായും ദൈവീക ഗുണവും ധാരണ ചെയ്യേണ്ടതുണ്ട്, പാവനമാകേണ്ടതുണ്ട്. ബാബയെയും തീർച്ചയായും ഓർമ്മിക്കണം ഓർമ്മിക്കുന്നതും പരിപൂർണ്ണമായിരിക്കണം എന്തുകൊണ്ടെന്നാൽ പാപം ഇല്ലാതാകണം. ബാബ പറയുന്നു എന്നെ ഓർമ്മിക്കുകയാണെങ്കിൽ പാവനമാകും, ഇതിനെയാണ് യോഗ അഗ്നിയെന്ന് പറയുന്നത്. ബാബയുടെ ശ്രീമതത്തിലൂടെ നടക്കണം. ബാക്കി മുഴുവൻ ലോകവും രാവണന്റെ മതത്തിലൂടെയാണ് നടന്നുകൊണ്ടിരിക്കുന്നത്. അതാണ് വികാരി മതം. ഇതാണ് നിർവ്വികാരി മതം. അഞ്ച് വികാരങ്ങളില്ലേ. ഏറ്റവും ആദ്യം ദേഹ അഹങ്കാരം പിന്നീട് കാമം, ക്രോധം..... മനുഷ്യർ അഹങ്കാരത്തെ അവസാനമാണ് വയ്ക്കാറുള്ളത്. വാസ്തവത്തിൽ അഹങ്കാരത്തെ ആദ്യമാണ് വയ്ക്കേണ്ടത്. അതിന് പിറകിലാണ് മറ്റെല്ലാ വികാരങ്ങളും വരുന്നത്. ബാബ നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കി തരികയാണ് കൽപ-കൽപം അനേക പ്രാവശ്യം മനസ്സിലാക്കി തന്നിട്ടുണ്ട്. ഓരോ 5000 വർഷത്തിന് ശേഷവും മനസ്സിലാക്കി തരുന്നു. ബാബ നമ്മളെ ആസ്തികരാക്കുകയാണെന്ന് ബുദ്ധി കൊണ്ട് മനസ്സിലാക്കുന്നുണ്ട് അർത്ഥം രചയിതാവിന്റെയും രചനയുടെയും ജ്ഞാനം പറഞ്ഞ് തരികയാണ് അതുകൊണ്ടാണ് ബാബയെ *ക്രിയേറ്ററെന്ന്* പറയുന്നത്. രചന അനാദിയാണ് എങ്കിലും മനസ്സിലാക്കി തരുന്നത് ഒരാളാണ്, ആ ബാബയിൽ മുഴുവൻ ജ്ഞാനവുമുണ്ട്. അനാദിയും ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ നാടകമാണ്, ആരും ഉണ്ടാക്കുന്നതല്ല. ആ പരിധിയുള്ള നാടകം *ഷൂട്ട്* ചെയ്യാൻ എളുപ്പമാണ്. ഇത് വലിയ പരിധിയില്ലാത്ത നാടകമാണ്. ഇത് അനാദിയായി *ഷൂട്ട്* ചെയ്യപ്പെട്ടതാണ്, ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമാണ്. ഈ നാടകത്തിൽ അൽപം പോലും വ്യത്യാസം ഉണ്ടാകുക സാധ്യമല്ല. പരിധിയില്ലാത്ത നാടകത്തിന്റെ ചക്രം കറങ്ങിക്കൊണ്ടേയിരിക്കുന്നു. നമ്മൾ തമോപ്രധാനത്തിൽ നിന്ന് സതോപ്രധാനം പിന്നീട് സതോപ്രധാനത്തിൽ നിന്ന് തമോപ്രധാനവുമാകുന്നു. മുഖ്യ കാര്യം വരുന്നത് പവിത്രതയുടേത് തന്നെയാണ്. പവിത്ര ലോകത്തിൽ എത്ര സുഖമാണുള്ളത്, പതിത ലോകത്തിൽ എത്ര ദുഃഖമാണുള്ളത്. അരകൽപം സുഖധാമം, അരകൽപം ദുഃഖധാമം ഈ രഹസ്യവും നിങ്ങളുടെ ബുദ്ധിയിൽ മാത്രമാണുള്ളത്, രണ്ടാമതാരും തന്നെ അറിയുന്നില്ല. ശരി-

വളരെക്കാലത്തെ വേർപാടിന് ശേഷം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യമായ സാരം -

1) തലതിരിഞ്ഞ സങ്കൽപങ്ങളിൽ നിന്ന് മുക്തമാകുന്നതിന് വേണ്ടി ബുദ്ധിയോഗം പരിധിയുള്ളതിൽ നിന്നും പരിധിയില്ലാത്തതിൽ നിന്നും ഉപരി വീട്ടിൽ വെയ്ക്കണം. ശാരീരിക ദൃഷ്ടി സമാപ്തമാക്കുന്നതിന് വേണ്ടി ആത്മാ സഹോദരങ്ങളാണ് - ഈ അഭ്യാസം പക്കയാക്കണം.

2) അവിനാശീ ജ്ഞാന രത്നങ്ങളുടെ ദാനം ചെയ്യണം. ബുദ്ധിയെ സ്വർണ്ണമാക്കുന്നതിന് (പവിത്രം) വേണ്ടി മറ്റെല്ലാ വശത്ത് നിന്നും വേർപെടുത്തി ഒരു ബാബയിൽ വെയ്ക്കണം.

## വരദാനം - സ്വയം ബാബയെ ഏൽപിച്ച് ബുദ്ധി കൊണ്ടും സമർപ്പണമാകുന്ന ഡബിൾലൈറ്റ് ആയി ഭവിക്കട്ടെ

തന്റെ ഉത്തരവാദിത്തം ബാബയ്ക്കു നൽകി സ്വയം ബാബയെ ഏൽപിക്കൂ അതായത് തന്റെ എല്ലാ ഭാരവും ബാബയ്ക്കു നൽകൂ എങ്കിൽ ഡബിൾലൈറ്റാകും. ബുദ്ധി കൊണ്ട് സമർപ്പിതമാകൂ എങ്കിൽ ഒരു കാര്യവും ബുദ്ധിയിലേക്കു വരില്ല, എല്ലാം ബാബയുടേത് അത്രമാത്രം. എല്ലാം ബാബയിലായെങ്കിൽ ഒന്നും തന്നെയില്ല. ഇല്ല എന്നുണ്ടെങ്കിൽ ബുദ്ധി എവിടെപ്പോകാനാണ്, ബാബ മാത്രം, ഒരു ഓർമയുടെ വഴി മാത്രം, ഈ വഴിയിലൂടെ എളുപ്പം ലക്ഷ്യത്തിലെത്തിച്ചേരും.

## സ്ലോഗൻ - ഇളക്കമില്ലായ്മയുടെ സിംഹാസനത്തിൽ വിരാജിച്ച്, സാക്ഷിദൃഷ്ടാവായി പാർട്ടഭിനയിക്കുന്നവർ തന്നെയാണ് ശ്രേഷ്ഠ പാർട്ടുധാരി